# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1530** **3.12.2018 ൽ മറുപടിയ്ക്ക്**

## സുനാമി ഫ്ലാറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| (എ) കേരളത്തിൽ ആകെ എത്ര സുനാമി ഫ്ലാറ്റുകൾ നിലവിലുണ്ട്; അവ ഏതൊക്കെ ജില്ലകളിലാണ്; വ്യക്ത മാക്കുമോ; | (എ) സംസ്ഥാനത്ത് സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി 8762 സുനാമി ഫ്ലാറ്റുകൾ/വീടുകൾ നിർമ്മിച്ച നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായാണ് സുനാമി വീടുകൾ റവന്യൂ വകുപ്പ് നിർമ്മിച്ച് നൽകിയിട്ടുള്ളത്. |
| (ബി) സുനാമി ഫ്ലാറ്റുകളുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമുള്ള സംവിധാന മെന്താണ്; | (ബി) ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ള സുനാമി ഫ്ലാറ്റുകൾ/വീടുകളുടെ തുടർന്ന് വരുന്ന അറ്റകുറ്റപ്പണികൾ ഗുണഭോക്താക്കൾ തന്നെയാണ് നിർവ്വഹിക്കുന്നത്. കൊല്ലം ജില്ലയിൽ വില്ലേജ് ഓഫീസർ കൺവീനറായുള്ള റസിഡന്റ്സ് അസോസിയേഷൻ ഫ്ലാറ്റുകളുടെ നടത്തിപ്പും മേൽനോട്ടവും നിർവ്വഹിക്കുന്നുണ്ട്. സുനാമി ഫ്ലാറ്റുകൾ/വീടുകളുടെ മാലിന്യപ്രശ്നവും സംസ്കരണവും കുടിവെള്ള വിതരണം, റോഡുകളുടെ അറ്റകുറ്റപ്പണി തുടങ്ങിയവ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടാണ് നിർവ്വഹിച്ചുവരുന്നത്. |
| (സി) സുനാമി ഫ്ലാറ്റുകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടോ; എങ്കിൽ ആയത് അർഹരായവർക്ക് അനുവദി ക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (സി) ഉണ്ട്.<br>സംസ്ഥാനത്ത് 379 സുനാമി ഫ്ലാറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. സുനാമി ഫ്ലാറ്റുകൾ അർഹതപ്പെട്ട ഗുണഭോക്താക്കളുടെ അഭാവത്തിൽ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന നൽകി ലൈഫ് മിഷൻ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള കുടുംബങ്ങൾക്ക് അനുവദിച്ചുകൊണ്ട് റവന്യൂ വകുപ്പ് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം |

ഒഴിഞ്ഞു കിടക്കുന്ന സുനാമി ഫ്ലാറ്റുകൾ അർഹതപ്പെട്ട ഗുണഭോക്താക്കളുടെ അഭാവത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള കുടുംബങ്ങൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) സുനാമി ഫ്ലാറ്റുകളിലെ അനർഹരായ താമസക്കാരെ ഒഴിപ്പിക്കുന്നതിനും അർഹരായവർക്ക് സുനാമി ഫ്ലാറ്റുകൾ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) അനർഹരായ താമസക്കാരെ കണ്ടെത്തുന്നതിനായി നിശ്ചിത ഇടവേളകളിലോ പരാതി ലഭിക്കുന്ന മുറയ്ക്കോ പരിശോധന നടത്തുകയും അനർഹരാണെന്ന് കണ്ടെത്തുന്ന പക്ഷം നോട്ടീസ് നൽകി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) നിലവിൽ സംസ്ഥാനത്ത് സുനാമി ഫ്ലാറ്റുകളിൽ താമസിക്കുന്നവരുടെ എണ്ണം എത്ര; ഇതിൽ അനർഹരായി എത്ര പേർ താമസിക്കുന്നു; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ?

(ഇ) സംസ്ഥാനത്ത് സുനാമി ഫ്ലാറ്റുകളിൽ 8190 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അനർഹരായ 22 കുടുംബങ്ങൾ താമസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങളെ ഒഴിപ്പിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

| ജില്ല | താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം | അനർഹർ താമസിക്കുന്ന തായി നിലവിൽ കണ്ടെത്തിയി ട്ടുള്ളത്. |
|---|---|---|
| തിരുവനന്തപുരം | 648 | 0 |
| കൊല്ലം | 1603 | 0 |
| ആലപ്പുഴ | 4415 | 2 |
| എറണാകുളം | 82 | 0 |
| തൃശ്ശൂർ | 875 | 0 |
| മലപ്പുറം | 46 | 0 |
| കോഴിക്കോട് | 191 | 20 |
| കണ്ണൂർ | 126 | 0 |
| കാസർഗോഡ് | 204 | 0 |
| ആകെ | 8190 | 22 |

**സെക്ഷൻ ഓഫീസർ**